"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ഈഞ്ചക്കൽ - ശ്രീവരാഹം - അട്ടകുളങ്ങര റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28എ പ്രകാരമുള്ള തുക കക്ഷിയായ ശ്രീ. കെ. ശ്രീനാഥിന് "4217-60-800-93 (Plan)" എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.816/2024/LSGD    തീയതി,തിരുവനന്തപുരം, 08-05-2024

---

പരാമർശം:-

1. സ.ഉ.(അച്ചടി) നം. 32/2019/ധന തീയതി 18/03/2019.
2. ബഹു. തിരുവനന്തപുരം അഡീഷണൽ സബ് കോടതിയുടെ 09/10/2018ലെ എൽ.എ.ആർ. നം. 58/2009 നമ്പർ കേസിലെ വിധിന്യായം.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 14/09/2023ലെ കെ.16/191080/2019 നമ്പർ നടപടിക്രമം.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 20/10/2023ലെ എസ്.1/909/2021/ടിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഈഞ്ചക്കൽ ശ്രീവരാഹം - അട്ടകുളങ്ങര റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28A പ്രകാരം കക്ഷിയായ ശ്രീ. കെ. ശ്രീനാഥ് സമർപ്പിച്ച അപേക്ഷയിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 37,54,885/- രൂപ (മുപ്പത്തിയേഴ് ലക്ഷത്തി അൻപത്തിനാലായിരത്തി എണ്ണൂറ്റി എൺപത്തിയഞ്ച് രൂപ മാത്രം) അനുവദിക്കണമെന്ന് ടിഡ സെക്രട്ടറി പരാമർശം (4) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഈഞ്ചക്കൽ ശ്രീവരാഹം - അട്ടകുളങ്ങര റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിൽ Sy No.1284/1-1 (LA Sy. No. 1284/9) ഉൾപ്പെട്ട 00.50ആർസ് സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു. തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ. 58/2009 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പൊന്നുംവില നിയമം സെക്ഷൻ 28A പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 37,54,885/- രൂപ (മുപ്പത്തിയേഴ് ലക്ഷത്തി അൻപത്തിനാലായിരത്തി എണ്ണൂറ്റി എൺപത്തിയഞ്ച് രൂപ മാത്രം) "4217-60-800-93 (Plan)"

എന്ന ശീർഷകത്തിൽ നിന്നും കക്ഷിയായ ശ്രീ. കെ. ശ്രീനാഥിന് (T.C.36/1790, Devikripa, V.K.K.Nagar, Tvpm-8) അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
ശ്രീ. കെ. ശ്രീനാഥ് ,T.C.36/1790, Devikripa, V.K.K.Nagar, Tvpm-8
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഐ.&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ (File No. 176/2023/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 09-05-2024 11:18:12
സെക്ഷൻ ഓഫീസർ